(ഡി)	ലാന്റ് അക്വിസിഷൻ	3264.993 ലക്ഷം
	ഡാം ആന്റ് സ്പിൽവേ	4298.770 ലക്ഷം
	സാഡിൽ ഡാമുകൾ	375.09 ലക്ഷം
	ഡൈവേർഷൻ ടണൽ	525.00 ലക്ഷം
	കൺട്രോൾ ഷാഫ്റ്റ്	02.30 ലക്ഷം
	റോഡ്, ബിൽഡിംഗ്സ്, വെഹിക്കിൾസ് മുതലായവ	1400.40 ലക്ഷം
	ഹെഡ് ഓഫീസിൽ നിന്നും ഈ പദ്ധതിക്കുവേണ്ടി പലിശ, ഭക്ഷണപരമായ ചെലവുകൾ, ടെണ്ടർ മുതലായവയ്ക്ക് ചെലവാക്കപ്പെട്ട തുക	6261.36 ലക്ഷം
	ആകെ	16267.94 ലക്ഷം

(ഇ) പുതുക്കിയിട്ടുണ്ട്. 6-12-1988-ലെ ബോർഡ് ഉത്തരവ് പ്രകാരം പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് കോസ്റ്റ് 88.28 കോടി രൂപയാണ്.

(എഫ്) ഇല്ല.

(ജി) 100 മെഗാവാട്ടിന്റെ കുറ്റ്യാടി കമ്മീഷൻ എക്സ്റ്റൻഷൻ പദ്ധതിയുടെ പ്രീകാളിഫിക്കേഷനു വേണ്ടിയുള്ള ആഗോള ടെണ്ടർ (ടേൺ കീ അടിസ്ഥാനത്തിൽ ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ) 7-8-1998-ലാണ് ക്ഷണിച്ചത്. പ്രീ കാളിഫൈ ചെയ്ത കരാറുകാരിൽ നിന്ന് പ്രൈസ് ബിഡ് സ്വീകരിക്കുന്നതിനുള്ള ടെണ്ടർ നോട്ടീസ് 4-12-1998-ലാണ് നൽകിയത്. പ്രൈസ് ബീഡുകൾ 22-1-2000 മുതൽ ഇഷ്യൂ ചെയ്തു. ബി.എച്ച്.ഇ. എൽ.എൽ.ആന്റ്.ടി. കൺസോർഷ്യം ആണ് ചില നിബന്ധനകളോടെ ഫൈനാൻഷ്യൽ പാക്കേജ് ഇല്ലാതെ കുറഞ്ഞ ടെണ്ടർ സമർപ്പിച്ചിരുന്നത്. പ്രൈസ് ബിഡുകളുടെ ടെക്നോ-ഇക്കണോമിക് ഇവാലുവേഷൻ (ഫിനാൻഷ്യൽ പാക്കേജ് ഉൾപ്പെടെ) പൂർത്തിയായിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതി

24 (*456) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലവൈദ്യുത ആഗ്മെന്റേഷൻ പദ്ധതിയുടെ പണിയാരംഭിച്ച തെന്നാണ് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ പണി എന്ന് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ടെയിൽറേസ് വാട്ടേഴ്സ് ജലസേചനത്തിനുപയോഗിക്കുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള സ്കീം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 25-1-1982-ൽ ആരംഭിച്ച കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിയുടെ പണി പല സാങ്കേതിക കാരണങ്ങൾ കൊണ്ടും, പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഫയൽ ചെയ്ത കേസുകൾ മുഖാന്തിരവും മുടങ്ങിക്കിടക്കുകയായിരുന്നത് 14-2-2003-ൽ മാത്രമാണ് പുനരാരംഭിച്ചത്. ഇതിന്റെ പണികൾ മേയ് 2005-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. ഈ പദ്ധതിയിലെ വെള്ളം വൈദ്യുതി ബോർഡിന്റെ നിലവിലുള്ള കുറ്റ്യാടി റിസർവോയറിലേക്ക് തിരിച്ചുവിടാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ റിസർവോയറിലെ വെള്ളം ഉപയോഗിച്ച് കുറ്റ്യാടി പവർ ഹൗസുകൾ പ്രവർത്തിപ്പിച്ച് പുറംതള്ളുന്ന ടെയിൽറേസ് വാട്ടർ, കുറ്റ്യാടി ഇറിഗേഷൻ സ്കീമിന്റെ പെരുവണ്ണാമൂഴി റിസർവോയറിലാണ് എത്തുന്നത്. ഏകദേശം 5200 ഹെക്ടർ പ്രദേശത്ത് അധികമായി മൂപ്പുകൃഷി (3rd crop) നടത്താൻ സാധിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ബാണാസുര സാഗർ പദ്ധതി എന്ന പേരിൽ ജനവിഭവ വകുപ്പ് പ്രസ്തുത പദ്ധതിക്ക് 37.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ നടപടി

25 (*457) ശ്രീ. വി. ബാലറാം :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

(ബി) അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം ഏർപ്പാടുകളുണ്ടായിട്ടുണ്ട് ;

(സി) ഒരു അലങ്കാര മത്സ്യപാർക്കുണ്ടാക്കുവാൻ പരിപാടിയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എവിടെ എന്നും അതിന് എന്തു തുക ചെലവാകും എന്നും വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) അലങ്കാര മത്സ്യകൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് ഹാച്ചറി ഉൾപ്പെടെ സംയോജിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പരമാവധി 1,50,000 രൂപ വരെ സഹായം നല്കാനും പ്രത്യേക പരിശീലന പരിപാടികൾ ആവിഷ്കരിക്കാനും അലങ്കാര മത്സ്യവിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുവാനായി സാങ്കേതിക സഹായം നല്കാനും മത്സ്യകർഷക വികസന ഏജൻസി വിഭാവനം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly